## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **29-08-2022 - ൽ മറുപടിയ്ക്ക്**

## ബഫർ സോൺ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംരക്ഷിത മേഖലകൾക്ക് ചുറ്റം ഒരു കിലോമീറ്റർ ദൂരം ബഫർ സോൺ ആയിരിക്കണമെന്ന 3-6-2022-ലെ സുപ്രീം കോടതി ഉത്തരവിനെ തുടർന്ന് മലയോര മേഖലയിൽ പാർക്കുന്ന ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത ആശങ്കകൾ ദൂരീകരിക്കാനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതും സ്വീകരിച്ചിട്ടുള്ളതുമായ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>ടി യോഗ തീരുമാന പ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും |

| | | | |
|---|---|---|---|
| | | | സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബഹു. സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച നടത്തുകയും പുനഃ പരിശോധന ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്<br><br>സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ KSREC വനം വകുപ്പിന് സമർപ്പിക്കുന്നതാണ്. ആയത് ലഭ്യമാക്കിക്കൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹു. സുപ്രീം കോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുന്നതാണ്. |
| (സി) | സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുള്ള ഒരു കിലോമീറ്റർ പരിധി എന്നതിൽ മാറ്റങ്ങൾ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | 2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-09-2020-ൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളും സർക്കാർ/ അർദ്ധ സർക്കാർ / പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി 05-10-2020 മുതൽ 07-04-2022 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച കരട് നിർദ്ദേശങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്ററിൽ കുറഞ്ഞ ദൂരംവരെയുള്ള പ്രദേശങ്ങളാണ് കൂടുതൽ |

| | | | |
|---|---|---|---|
| | | | മേഖലയിലും ഉൾപ്പെടുത്തിയിരുന്നത്. ആയതിന്മേൽ അധിക വിവരങ്ങൾ കൂടി ലഭ്യമാക്കിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ വിദഗ്ധ സമിതി യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരവെയാണ് സംരക്ഷിത പ്രദേശങ്ങളുടെ നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോമീറ്റർ ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടാകണമെന്ന നിർദ്ദേശമുള്ള ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് ലഭിക്കുകയും തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 29-06-2022-ലെ എഫ് നം.11/20/2018-ESZ നമ്പർ കത്ത് പ്രകാരം സംസ്ഥാനത്ത് നിന്ന് സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ മടക്കി അയയ്ക്കുകയും ചെയ്തത്. 10-08-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം ബഹു. സുപ്രീം കോടതി ഉത്തരവിന്മേൽ ഒരു പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ കേന്ദ്ര സർക്കാരിന് നിലവിൽ സമർപ്പിച്ചിരുന്ന ഭേദഗതി ചെയ്ത നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്. ആയതിന് അംഗീകാരം ലഭിച്ചാൽ ഒരു കി.മീ. എന്നതിൽ ഇളവ് ലഭിക്കുന്നതാണ്. |
| (ഡി) | ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ ഒരു കിലോമീറ്റർ ബഫർ സോൺ ആകാം എന്ന 23-10-2019-ലെ മന്ത്രിസഭാ തീരുമാനം റദ്ദ് ചെയ്ത് പുതിയ മന്ത്രിസഭാ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ഡി) | 23-10-2019-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 31.10.2019-ലെ സ.ഉ(കൈ) 29/2019/വനം പ്രകാരം ഇക്കോസെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോസെൻസിറ്റീവ് സോണിൽ നിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ / പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും, സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിലേക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 2022 ജൂലൈ മാസം 27-ാം തീയതിയിലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10.08.2022 ൽ സ.ഉ (കൈ) 44/2022/വനം, നമ്പരായി സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായാണ് 10-08-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2019-ലെ സർക്കാർ ഉത്തരവിന് ശേഷം ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം വനം വകുപ്പ് സ്വീകരിച്ച ടി നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടുമാണ് 10-08-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഇ) | സുപ്രീം കോടതി നിശ്ചയിച്ച മൂന്ന് മാസ സമയ പരിധിക്കുള്ളിൽ ബഫർ സോൺ മേഖലയിലെ തൽസ്ഥിതി സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുവാനും ആയത് കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെയും ബോധ്യപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ഇ) | ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹു. സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.<br><br>ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, |

| | | | |
|---|---|---|---|
| | | | കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ പഠന റിപ്പോർട്ട് ലഭ്യമാക്കുമ്പോൾ ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ സ്ഥിതിവിവര കണക്കുകൾ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (എഫ്) | ബഫർ സോൺ സംബന്ധിച്ച സംസ്ഥാനത്തെ ആശങ്കകൾ പ്രധാനമന്ത്രി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി എന്നിവരെ ബോധ്യപ്പെടുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി സംഘത്തെ നിയോഗിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ